ശ്രീ. ഇ. അഹമ്മദ്: ലാഭ നഷ്ടങ്ങൾ മുഴുവൻ കണക്കാക്കിയിട്ടില്ല. ചിലതൊക്കെ സെറ്റിൽ ചെയ്യാനുണ്ട്. ഇതുവരെകിട്ടിയ കണക്കനുസരിച്ച് ഏതാണ്ട് 57 ലക്ഷം രൂപ ഇപ്പോൾ നഷ്ടമായിട്ടാണ് കാണുന്നത്.

ശ്രീ. ഇ. കെ. നായനാർ: പൊതുമേഖലയിൽ ഈ വ്യവസായം മാതൃകാപരമായി പ്രവർത്തിക്കേണ്ടതാണ്. ബോണസ് അധികം കൊടുത്തു എന്നതിന്റെ അടിസ്ഥാനത്തിൽ പിരിച്ചുവിട്ടത് ക്യാബിനറ്റ് തീരുമാനം കൊണ്ടാണോ എന്നുള്ള ഒരു ചോദ്യത്തിന് മന്ത്രി മറുപടി പറഞ്ഞില്ല. മറ്റു ചില മറുപടിയാണ് പറഞ്ഞത്. ഈ മാതൃക പ്രൈവറ്റ് മുതലാളിമാർ സ്വീകരിച്ചാൽ ഇവിടത്തെ തൊഴിലാളികളെ കൂടുതൽ കൊള്ളയടിക്കാനുള്ള നേതൃത്വം ഈ മന്ത്രി നൽകി എന്നല്ലേ വ്യാഖ്യാനിക്കുക?

ശ്രീ. ഇ. അഹമ്മദ്: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് എന്തു വ്യാഖ്യാനം വേണമെങ്കിലും കൊടുക്കാം. എനിക്ക് അതിൽ വിരോധമൊന്നുമില്ല. പക്ഷേ കാപ്പെക്സ് ആരംഭിക്കാൻ ഗവൺമെന്റിനെ പ്രേരിപ്പിച്ചത് കാഷ്യൂ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ.....

ശ്രീ. ആർ. എസ്. ഉണ്ണി: കൂലി ചോദിക്കാനുള്ള അവകാശമുണ്ടോ?

ശ്രീ. ഇ. അഹമ്മദ്: എല്ലാ അവകാശവും കൊടുക്കുന്നുണ്ട്. അവരുടെ ഒരവകാശവും നിഷേധിച്ചിട്ടില്ല. അതേയവസരത്തിൽ പേയ്മെന്റ് ഓഫ് ബോണസിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് ചില ഗൈഡ്ലൈൻസ് കൊടുത്തിട്ടുണ്ട്. ആ ഗൈഡ്ലൈൻസ് ഗവൺമെന്റുടമയിലുള്ളതും ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ളതുമായ പൊതുസ്ഥാപനങ്ങൾക്കെല്ലാം ബാധകമാണ്. പക്ഷേ സ്വകാര്യ മേഖലയിലെ പല മുതലാളിമാരെപ്പറ്റിയും മിനിമം വേജസിന്റെ കാര്യത്തിൽ ഈ സഭയിൽത്തന്നെ ആരോപിക്കപ്പെട്ടതരത്തിലുള്ള ഒരു വിഷമവും കാപ്പെക്സിലോ കോർപ്പറേഷനിലോ ഇല്ല. അവിടെ എല്ലാം ശരിക്ക് കൊടുക്കുന്നുണ്ട്.

## ദുർബ്ബല വിഭാഗത്തിനുള്ള ഭവന നിർമ്മാണ പദ്ധതി

* 122 [164] ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി):
ശ്രീമതി പി. ദേവൂട്ടി:
ശ്രീ. സി. ടി. കൃഷ്ണൻ:
,, ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) താഴ്ന്ന വരുമാനക്കാരായ ഗ്രാമീണ ജനതയ്ക്ക് ഭവന നിർമ്മാണത്തിന് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിപാടികൾ എന്തൊക്കെയാണ്;

(ബി) 1984-85-ൽ ഈ വിഭാഗത്തിന് ഭവനനിർമ്മാണത്തിന് എന്തു തുക ചെലവഴിച്ചു;

(സി) ദുർബ്ബല വിഭാഗങ്ങൾക്കുള്ള പാർപ്പിട പദ്ധതിയനുസരിച്ച് ഈ വർഷം എത്ര വീടുകൾ പണിയാനാണ് ഉദ്ദേശിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ വീടുകൾ പണിയാൻ ഗവൺമെൻറ് നൽകുന്ന വായ്പയും ഗ്രാൻറും വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഉണ്ടെങ്കിൽ വിശദവിവരം വ്യക്തമാക്കാമോ;

(എഫ്) ഇക്കാര്യത്തിന് കേന്ദ്രത്തിൽനിന്ന് കിട്ടുന്ന സഹായങ്ങൾ എന്തെല്ലാമാണ്;

(ജി) ലക്ഷംവീട് പദ്ധതി പ്രകാരം പണിത വീടുകളുടെ അറ്റകുറ്റ പണികൾക്ക് സർക്കാർ എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ;

(എച്ച്) എങ്കിൽ എന്തെന്ന് വ്യക്തമാക്കുമോ;

(ഐ) പതിനഞ്ചു വർഷങ്ങൾക്കുമുമ്പ് വളരെ ചെലവു കുറഞ്ഞ രീതിയിൽ പണിത ലക്ഷംവീടുകൾ ഭൂരിപക്ഷവും കേടുപാടുകൾ വന്ന് വീഴാറായ പരിതഃസ്ഥിതി കണക്കിലെടുത്ത് അത്തരം വീടുകൾ പുതുക്കി പണിയുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ഒരു പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ജെ) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ പറയാമോ;

(കെ) ഇത്തരം പദ്ധതികൾ പഞ്ചായത്തുകൾ മുഖേന നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ?

റവന്യൂ വകുപ്പു മന്ത്രി (ശ്രീ. പി.ജെ. ജോസഫ്):

(എ) താഴ്ന്ന വരുമാനക്കാരായ ഗ്രാമീണ ജനതയ്ക്കുവേണ്ടി അനേകം പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കുന്നുണ്ട്. ഭൂരഹിത ഗ്രാമീണ തൊഴിലാളികൾക്ക് വീടുവയ്ക്കാൻ സ്ഥലം നൽകുന്ന പദ്ധതി, ഗ്രാമീണ തൊഴിലാളികൾക്കുള്ള ഭവനനിർമ്മാണ പദ്ധതി, ഗ്രാമീണ ഭവനനിർമ്മാണ പദ്ധതി, എൻ. ആർ. ഇ. പി. യുടേയും ഭൂരഹിത ഗ്രാമീണ തൊഴിൽ ഭദ്രതാപരിപാടി (ആർ.എൽ.ഇ.ജി.പി.) യുടെയും കീഴിലുള്ള ഭവനനിർമ്മാണ പദ്ധതികൾ, ഗിരിവർഗ്ഗക്കാർക്കുള്ള വിവിധ ഭവനനിർമ്മാണ പദ്ധതികൾ എന്നിവ താഴ്ന്ന വരുമാനക്കാരായ ഗ്രാമീണ ജനതയെ ഉദ്ദേശിച്ചുള്ളവയാണ്. കൂടാതെ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ നടപ്പാക്കിവരുന്ന ഭവനനിർമ്മാണ പദ്ധതി, ദുർബ്ബല വിഭാഗങ്ങൾക്കുള്ള സഹകരണ ഭവനനിർമ്മാണപദ്ധതി, പ്രകൃതി ക്ഷോഭം മൂലം തകർന്ന വീടുകളുടെ പുനർനിർമ്മാണത്തിനുള്ള പുനരധിവാസ (പാർപ്പിട) പദ്ധതി, കുടികിടപ്പുകാർക്കുള്ള ഭവനനിർമ്മാണ പദ്ധതി, പട്ടികജാതി പട്ടിക വർഗ്ഗക്കാർക്കുള്ള വിവിധ പദ്ധതികൾ എന്നിവയും പ്രധാനമായും ഈ വിഭാഗത്തെ ഉദ്ദേശിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികളാണ്. ഇവയ്ക്കുപുറമേ 1987 അന്താരാഷ്ട്ര പാർപ്പിട വർഷമായി ആചരിക്കുന്നതിനോടനുബന്ധിച്ച് ഓരോ ജില്ലയിലെയും തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ ബൃഹത്തായ ഈ പദ്ധതികൾ കൂടുതൽ ഊർജ്ജിതമായി നടപ്പിലാക്കാനും ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഏകദേശം 18 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ഒരു ലക്ഷത്തിൽപരം വീടുകൾ.

(ഡി) ഇപ്പോൾ നടപ്പിലാക്കിവരുന്ന ചില പദ്ധതികൾക്ക് ഗവൺമെൻറ് ഗ്രാൻറ് വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ഇ) പ്രകൃതി ക്ഷോഭം മൂലം തകർന്ന വീടുകളുടെ പുനർനിർമ്മാണത്തിനുള്ള പുനരധിവാസ (പാർപ്പിട) പദ്ധതിയിൽ ഓരോ വീടിനും ഗവൺമെൻറ് ഗ്രാൻറ് 1,000 രൂപയിൽനിന്ന് 1,500 രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പ്രകൃതിക്ഷോഭം മൂലം വീടു നഷ്ടപ്പെട്ടവർക്കുള്ള പുനരധിവാസ (പാർപ്പിട) പദ്ധതി പ്രകാരം നിർമ്മിക്കുന്ന ഓരോ വീടിനും 1,500 രൂപ സർക്കാർ ഗ്രാന്റ് നൽകുന്നത് കേന്ദ്രഗവൺമെന്റ് വെള്ള പ്പൊക്കദുരിതാശ്വാസത്തിന് അനുവദിക്കുന്ന സഹായധനത്തിൽനിന്നാണ്. തോട്ടം തൊഴിലാളികൾക്കുള്ള ഭവനനിർമ്മാണ പദ്ധതിയിൽ ഓരോ വീടിന്റെയും നിർമ്മാണചെലവിന് നൽകുന്ന 50 ശതമാനം വായ്പയും 37 1/2 ശതമാനം സബ്സിഡിയും കേന്ദ്രത്തിൽനിന്നുമാണ് ലഭിക്കുന്നത്. കൂടാതെ എൻ.ആർ.ഇ.പി. ഗ്രൂപ്പ് ഹൗസിംഗ് സ്കീമിൽ വീടുകളുടെ നിർമ്മാണച്ചെലവിന്റെ 50 ശതമാനം കേന്ദ്രത്തിൽ നിന്നും ഗ്രാന്റായി ലഭിക്കുന്നു. ഗ്രാമീണ തൊഴിൽ ദൗത്യം പരിപാടിയിൽ പണിയുന്ന 6,600 രൂപ ചെലവുവരുന്ന വീടുകൾക്ക് ഓരോ വീടിനും 6,000 രൂപ വരെ കേന്ദ്ര വിഹിതമായി ലഭിക്കുന്നു.

(ജി) ഉണ്ട്.

(എച്ച്) ലക്ഷം വീടുകളുടെ അറ്റകുറ്റപ്പണികൾക്കായി അർഹത യുടെയും ഫണ്ടിന്റെയും ലഭ്യതയുടെ അടിസ്ഥാനത്തിൽ 'നാമമാത്ര അധിവാസം മെച്ചപ്പെടുത്തൽ' പദ്ധതിപ്രകാരം ഓരോഗുണഭോക്താവിനും 1,500 രൂപവരെ വായ്പ നൽകുന്നുണ്ട്.

(ഐ, ജെ) ഒരിക്കൽ വീടുകൾ നിർത്തു കൊടുത്താൽ അവയുടെ അറ്റകുറ്റപ്പണികൾ തീർക്കേണ്ട ചുമതല ഗുണഭോക്താക്കളുടേതാണ്. എന്നാലും ഇപ്പോൾ നിലവിലുള്ള നാമമാത്ര അധിവാസം മെച്ചപ്പെടുത്തൽ പദ്ധതി പ്രകാരം ഈ വീടുകളുടെ അറ്റകുറ്റപ്പണികൾക്ക് സഹായം നൽകുന്നുണ്ട്. പ്രകൃതിക്ഷോഭത്തിന്റെ ഫലമായി നാശനഷ്ടങ്ങളുണ്ടാ യിട്ടുള്ള ലക്ഷം വീടുകളുടെ പുനർനിർമ്മാണത്തിന് പുനരധിവാസ (പാർപ്പിട) പദ്ധതിയിൽനിന്നും സഹായം നൽകുന്നതാണ്

(കെ) ഇത്തരം പദ്ധതികളുടെ നടത്തിപ്പിൽ പഞ്ചായത്തുകൾ ഇപ്പോഴത്തെന്നെ കാര്യമായ പങ്കുവഹിക്കുന്നുണ്ട്

ശ്രീമതി പി. ദേവൂട്ടി: പഞ്ചായത്തുകൾ മുഖേന ലക്ഷം വീടു കോളനികളിൽ നിർമ്മിച്ചുകൊടുത്തിട്ടുള്ള വീടുകളിലെ നാമസക്കാർക്ക് ഇപ്പോൾ ആയിരവും അതിലധികവും രൂപ ഗഡു അടയ്ക്കണമെന്നു പറഞ്ഞ് നോട്ടീസ് വന്നിരിക്കുകയാണ്. ഇത്തരത്തിൽ കൊടുത്തിട്ടുള്ള കടം എത്ര കൊല്ലംകൊണ്ട് തിരിച്ചടയ്ക്കേണ്ടതാണ്; ഇതിന് എത്ര ശതമാനം പലിശയാണ് നിശ്ചയിച്ചിട്ടുള്ളത്?

ശ്രീ. പി.ജെ. ജോസഫ്: ഈ ലക്ഷം വീടുകളുടെ അറ്റകുറ്റപ്പ ണികൾക്കായിട്ട് നാമമാത്ര അധിവാസം മെച്ചപ്പെടുത്തൽ പദ്ധതിയിൽ വായ്പ നൽകുന്നുണ്ട്. ഈ വായ്പ തിരിച്ചടയ്ക്കുന്നതിനായിരിക്കും ഇപ്പോൾ നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

ശ്രീമതി പി. ദേവൂട്ടി: ലക്ഷം വീടുകോളനിയിലുള്ള പാവപ്പെട്ട ആളുകളുടെ ബുദ്ധിമുട്ട് പരിഗണിച്ച് അവർക്ക് പലിശ ഇളവുചെയ്തു കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.ജെ. ജോസഫ്: ഒരിക്കൽ വീടു പണിതു കൊടുത്താൽ അവരെ വീണ്ടും സഹായിക്കുക എന്നുള്ളതു പ്രായോഗികമായി ബുദ്ധിമുട്ടുള്ള കാര്യമാണ്. കാരണം ഈ സംസ്ഥാനത്തു ചെറ്റക്കുടിലുകളിൽ താമസിക്കുന്ന പത്തുലക്ഷത്തോളം ആളുകളുണ്ട്. ഒരിക്കൽ സഹായിച്ചവരെ വീണ്ടും സഹായിക്കുക എന്നു വച്ചാൽ കൂടുതൽ ബുദ്ധിമുട്ടുള്ളവരെ ഒരു കാലത്തും സഹായിക്കാൻ കഴിയാത്ത സ്ഥിതിവരും. അതുകൊണ്ട് വീടുകളുടെ അറ്റകുറ്റപ്പണികളും നിർബന്ധമായിട്ടും ഒരിക്കൽ വീടു ലഭ്യമാകുന്ന ആളുകളും നടത്തണമെന്ന് തീർച്ചയായിട്ടും നമ്മൾ ഒരു നിലപാട് സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഈ കാഴ്ചപ്പാടിലൂടെ വേണം ഈ പ്രശ്നത്തെ പരിഹരിക്കാനെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. സി.ടി. കൃഷ്ണൻ: പ്രകൃതിക്ഷോഭം ഉണ്ടാകുന്ന സന്ദർഭത്തിൽ നിരവധി ലക്ഷംവീടുകൾ ഇടിഞ്ഞുവീണ് ആളുകൾ മരിക്കുകയും പരിക്കുപറ്റുകയും ചെയ്തിട്ടുണ്ട്. ഭാര്യയും ഭർത്താവും തമ്മിൽ ദ്വേഷ്യംവന്ന് ഒന്ന് തള്ളിയാൽ മറിഞ്ഞുവീഴുന്ന ചുമരുകളാണ് പല ലക്ഷംവീടുകളിലുമുള്ളത്. അവർക്ക് കടം കൊടുക്കുന്നത് ശരിയല്ല. കടം തിരിച്ചടയ്ക്കാൻ അവർക്ക് കഴിയുകയില്ല. അതുകൊണ്ട് ആ ലക്ഷംവീടുകൾ റിപ്പയർ ചെയ്യുന്നതിന് ഗ്രാൻറായോ അല്ലെങ്കിൽ കടമല്ലാതെ സൗജന്യമായോ റിപ്പയർ ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി.ജെ. ജോസഫ്: ലക്ഷം വീടുകളിൽ ചില വീടുകൾ തകർന്നുപോയിട്ടുണ്ട്. തകർന്നു പോയിട്ടുള്ള വീടുകൾക്ക് വായ്പയായിട്ടല്ല കൊടുക്കുന്നത്. അത് പരിപൂർണ്ണമായി നിർമ്മിക്കാൻ വേണ്ടി മറ്റു പദ്ധതിയിൽപ്പെടുത്തി പണിയാൻ തീരുമാനിച്ചിട്ടുണ്ട്. സാധാരണയുള്ള അറ്റകുറ്റപ്പണികൾ അതിന്റെ ഉടമകൾതന്നെ നടത്തണമെന്നുള്ളതുതന്നെയാണ് ഗവൺമെൻറിന്റെ അഭിപ്രായം.

ശ്രീ. സി.ടി. കൃഷ്ണൻ: സന്നദ്ധസംഘടനകൾ മുഖേന നിർമ്മിച്ചുകൊടുക്കുന്ന വീടുകൾക്കിപ്പോൾ അനുവദിച്ചിരിക്കുന്ന സംഖ്യ വളരെ അപര്യാപ്തമാണ്. അത് തക്കസമയത്ത് കൊടുക്കുന്നുമില്ല. അതുകൊണ്ട് ചുമർ പകുതിയാക്കി നിറുത്തി പൂർത്തിയാക്കാൻ കഴിയാതെ വരികയും മഴ വരുമ്പോൾ അത് നശിച്ചുപോവുകയും ചെയ്യുന്നു. പണി കൃത്യസമയത്ത് നടത്താത്തതുകൊണ്ട് വേറെ വീടില്ലാത്തവർക്ക് മഴ നനയേണ്ടിവരികയും വെയിൽ കൊള്ളേണ്ടിവരികയും ഒക്കെ ചെയ്യുന്നുണ്ട്. അതുകൊണ്ട് കൃത്യസമയത്തുതന്നെ പണം കൊടുക്കുന്നതിനും കൃത്യസമയത്തുതന്നെ ആ ഭവനനിർമ്മാണ പദ്ധതി പൂർത്തിയാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി.ജെ. ജോസഫ്: 25,000 വീടുകളുടെ ടാർഗറ്റാണ് കഴിഞ്ഞ വർഷമിട്ടിരുന്നത്. അത് പൂർത്തിയായി. അതിൽകൂടുതലായി വന്ന അപേക്ഷകരുടെ കാര്യത്തിലാണ് ഗഡുക്കൾ കൊടുക്കുവാൻ ബുദ്ധിമുട്ടുണ്ടായിട്ടുള്ളത്. ഇടക്കാലത്ത് കുറച്ച് കാലതാമസമുണ്ടായിയെങ്കിലും സാധാരണഗതിയിൽ ഇത് വളരെ വേഗത്തിൽതന്നെ പൂർത്തിയാക്കി എന്നു പറയുവാൻ കഴിയും. ഇനി ഈ വർഷം മുതൽ ഈ കാലതാമസം ഒഴിവാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ലോനപ്പൻ നമ്പാടൻ: സർക്കാരിന്റെ വിവിധ വകുപ്പുകളുടെ കീഴിലുള്ള ഭവനനിർമ്മാണ പദ്ധതികൾ സംയോജിപ്പിച്ച് ഒരു ഏജൻസിയുടെ കീഴിലാക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.ജെ. ജോസഫ്: വിവിധ ഏജൻസികൾ പ്രവർത്തിക്കുന്നതിന്റെ ഒരു ലക്ഷ്യം ധനകാര്യസ്ഥാപനങ്ങളിൽനിന്നും വായ്പ ലഭ്യമാക്കുക എന്നുള്ളതാണ്. എങ്കിലും ഇതിനെ മൊത്തത്തിൽ കോ–ഓർഡിനേറ്റ് ചെയ്യാൻ ഹൗസിംഗ് ഡിപ്പാർട്ടുമെന്റ് ഒരു മോഡൽ ഡിപ്പാർട്ടുമെന്റായിട്ടാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്.

ശ്രീ. ലോനപ്പൻ നമ്പാടൻ: സഹകാര്യ സ്കൂളദ്ധ്യാപകരുടെ ഭവന നിർമ്മാണപദ്ധതിയനുസരിച്ച് ആയിരക്കണക്കിന് പാവപ്പെട്ട അദ്ധ്യാപകർ പണമടച്ച് അപേക്ഷിച്ചിട്ട് ആർക്കുംതന്നെ വീടുകൾ കൊടുത്തില്ല. ആ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

മി. സ്പീക്കർ: ഈ ചോദ്യത്തിന്റെ പരിധിയിൽ വരുന്നതല്ല.

(ഉത്തരം പറഞ്ഞില്ല)

ശ്രീ. പി. വിജയദാസ്: ഹഡ്കോയുടെ സഹായത്തോടുകൂടി സഹകരണമേഖലയും ഗവൺമെന്റുംകൂടി നടപ്പിലാക്കുന്ന ദുർബ്ബല വിഭാഗങ്ങൾക്കുള്ള വീടുകളുടെ നിർമ്മാണം ഇപ്പോൾ നടക്കുന്നില്ല. നടക്കാത്തത് ഹൗസിംഗ് ബോർഡിന്റെ നടപടിത്തകരാറുകൊണ്ടുമാത്രമാണോ? അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, അത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. ജെ. ജോസഫ്: കോ–ഓപ്പറേറ്റീവ് ഹൗസിംഗ് സ്കീമിന്റെ വ്യവസ്ഥകൾ 3,000 രൂപ ഹഡ്കോയുടെ വായ്പയും 500 രൂപ ഗവൺമെന്റ് ഗ്രാന്റും 800 രൂപ സഹകരണ സ്ഥാപനങ്ങളിൽ നിന്നുമുള്ള വായ്പയുമാണ്. അത് നടത്തുന്നതിൽ യാതൊരു താൽപ്പര്യക്കുറവുമില്ല. എന്നാൽ അതിനേക്കാൾ കൂടുതൽ ആനുകൂല്യമുള്ള പദ്ധതികളാണ് ഇപ്പോൾകൊണ്ടുവരുന്നത്. ഇപ്പോഴുള്ള പദ്ധതിയിൽ പ്രകൃതിക്ഷോഭംമൂലമുണ്ടായിട്ടുള്ള കേസുകളിലാണെങ്കിൽ 4,500 രൂപ വായ്പയും 1,500 രൂപ ഗ്രാന്റുമാണ്. സർദ്ധ സംഘടനകൾവഴിയുള്ളത് 500 രൂപ ഗ്രാന്റ് എന്നുള്ളത് 1,000 രൂപയായി വർദ്ധിപ്പിച്ചിരിക്കുകയാണ്. കൂടുതൽ ആനുകൂല്യങ്ങൾ ഇവിടെയുണ്ട്. സഹകരണമേഖലയിലുള്ള ഈ പരിപാടികൾ നിറുത്തലാക്കിയിട്ടില്ല. അതും ഇതും ഒരുപോലെ കൊണ്ടുപോകണമെന്നാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. വി.വി. ജോസഫ്: ദുർബ്ബല ജനവിഭാഗങ്ങളുടെ വീടുകൾ പണിയുമ്പോൾ അതിന്റെ മേൽക്കൂര പണിയുന്ന സമയത്ത് തടിയുടെ അമിതമായ വിലക്കൂടുതൽ, പണിയുന്ന ആശാരിമാരുടെ കൂലിക്കൂടുതൽ, ആശാരിമാരെ കിട്ടാനുള്ള വിഷമം ഇതെല്ലാം കണക്കിലെടുത്തുകൊണ്ട് ആധുനികരീതിയിൽ തീർക്കാനുള്ള മറെന്തെങ്കിലും സംവിധാനം ഈ മേൽക്കൂരകൾക്ക് നൽകുന്നകാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ?

ശ്രീ. പി. ജെ. ജോസഫ്: കൊച്ചിയിൽ ഇപ്പോൾ ഇന്ത്യൻ പ്രസിഡന്റ് വന്നു തറക്കല്ലിട്ടു നടപ്പാക്കുന്ന പദ്ധതിയിൽ 270–ഓളം വീടുകൾ തീരുകയാണ്. പ്രീ ഫാബ്രിക്കേറ്റഡായിട്ടുള്ള യൂണിക്കുലർ സെൽ സ്ലാബ്സ് ആണ് അവിടെ വീടുകൾക്ക് ഉപയോഗിച്ചിട്ടുള്ളത്. കുറെ വീടുകൾ തീർന്നുകഴിഞ്ഞു. അതുപോലെതന്നെ ഫാക്ടറികൾ നിർമ്മിക്കുന്നതിന് ഉപയോഗിക്കുന്നതരത്തിലുള്ള സ്ലാബുകളുപയോഗിച്ച് മേൽക്കൂരകൾ ചെയ്യാനും ആലോചനയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.വി. രാഘവൻ: സന്നദ്ധ സംഘടനകളും മുഖാന്തിരം കൊടുക്കുന്ന വീടുകളും 25,000 ആണ്, ആ ടാർജറ്റ് തീർന്നു ബാക്കിയുള്ളത് ടാർജറ്റിൽപ്പെടാത്തതാണെന്ന് ഇവിടെ പറഞ്ഞു. അത് ശരിയാണെന്ന് തോന്നുന്നില്ല. അങ്ങനെയാണെങ്കിൽ 25,000-ന്റെ ടാർജറ്റിൽ എത്ര ജില്ലകളാണ് ഉള്ളത്; ഓരോ ജില്ലയിലും ഇത് എന്ന് നടപ്പിൽ വരുമെന്ന് പറയാമോ?

ശ്രീ. പി.ജെ. ജോസഫ്: കണ്ണൂർ ജില്ലയിൽ അതിന്റെ റിവ്യൂ ഈ അടുത്തകാലത്ത് ഞാൻ തന്നെ നടത്തുകയുണ്ടായി. കളക്ടറേറ്റിലാണ് റിവ്യൂ നടത്തിയത്. എല്ലാ ജില്ലയിലും നിശ്ചയിച്ച ടാർജറ്റ് എത്തിയിട്ടുണ്ട്. ചില ജില്ലകളിൽ അതിൽ കൂടുതലാണ്. കണ്ണൂർ ജില്ല, കൂടുതൽ അപേക്ഷകളും കിട്ടിയിട്ടുള്ള ഒരു സ്ഥലമാണ്. രണ്ടാം ഘട്ടമായി 25,000 വീടുകൾകൂടി എടുക്കാൻ ഇപ്പോൾ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. രണ്ടാംഘട്ടത്തിന് ഹഡ്കോയിൽ നിന്ന് വായ്പ കിട്ടാൻ അൽപ്പം താമസമുണ്ടായി. ഏതായാലും ഇത് ഉടനെ കൊടുക്കുന്നതാണ്. രണ്ടാം ഘട്ടമായി 25,000 വീടിന്റെ പണി തുടങ്ങുമ്പോൾ ഈ ബാക്കികിടക്കുന്ന അപേക്ഷകർക്കൊക്കെ കൊടുക്കുന്നതാണ്.

ശ്രീ. കെ.പി. രാമൻ: ഗ്രാമോത്സവ പഞ്ചായത്തുകളായി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ ദുർബ്ബല ജനവിഭാഗങ്ങൾക്കുവേണ്ടി നടപ്പാക്കുന്ന ഈ ഹൗസിംഗ് സ്കീമിന് പ്രത്യേകമായി വല്ല അലോട്ട്മെന്റും ഉണ്ടോ; ഇല്ലെങ്കിൽ അത് അനുവദിക്കുവാൻ തയ്യാറാകുമോ?

ശ്രീ. പി.ജെ. ജോസഫ്: ഗ്രാമോൽസവ പഞ്ചായത്തുകളിലുള്ള സ്കീമുകൾ കുറെക്കൂടി കേന്ദ്രീകരിച്ച് നടപ്പാക്കുകയെന്നുള്ള പദ്ധതിയാണ് ഉള്ളത്.

ശ്രീ. വി.ജെ. തങ്കപ്പൻ: കൈത്തറിനെയ്ത്ത് തൊഴിലാളികളും നമ്മുടെ സമൂഹത്തിലെ ദുർബ്ബല വിഭാഗങ്ങളിലൊന്നാണ് അവർക്ക് ഒരു ഭവനനിർമ്മാണ പദ്ധതിയുണ്ട്. എത്ര കൈത്തറി നെയ്ത്തു തൊഴിലാളികൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷം ഭവനനിർമ്മാണ പദ്ധതിയനുസരിച്ച് വായ്പ കൊടുത്തിട്ടുണ്ട്; ഈ സാമ്പത്തികവർഷം എത്ര വീടുകൾ അവർക്കുവേണ്ടി പണിതുകൊടുത്തുവെന്ന് ദയവായി പറയാമോ?

ശ്രീ. പി.ജെ. ജോസഫ്: കൈത്തറി നെയ്ത്തു തൊഴിലാളികൾക്കു മാത്രമായി ഇപ്പോൾ ഒരു പദ്ധതി ഇല്ല. ഇവിടെ പറഞ്ഞ പദ്ധതികളിലൊക്കെ 4,200 രൂപയിൽതാഴെ വരുമാനമുള്ള എല്ലാ ആളുകൾക്കും ഗുണഭോക്താക്കളായി മാറാവുന്നതാണ്.

ശ്രീ. ഇ.കെ. നായനാർ: ഇവിടെ 'സി' ചോദ്യത്തിന് ഉത്തരമായി 18 കോടി രൂപയുടെ ഗ്രാന്റും ലോണുമാണ് കൊടുക്കുന്നതെന്ന് മന്ത്രി പറഞ്ഞു. 27 ആദിവാസികൾക്കുവേണ്ടിയുള്ള നിങ്ങളുടെ ഓർഡർ എവിടെപ്പോയി? കളക്ടർ പോയി അന്വേഷിച്ചു. സർക്കാരിന്റെ നല്ലഭൂമി കൈമാറിയിട്ട് മോശപ്പെട്ട ഭൂമി എഴുത്തും വായനയും അറിഞ്ഞുകൂടാത്ത ആദിവാസികൾക്ക് കൈമാറിയതായിട്ടാണ് ഞാൻ അവിടെ പോയപ്പോൾ മനസ്സിലാക്കിയത്. ഇങ്ങനെ ഭൂമി കൈമാറി ലക്ഷക്കണക്കിനു രൂപ തട്ടിയെടുക്കുവാനുള്ള ശ്രമം നടക്കുന്നുണ്ട്. കളക്ടറും അവിടത്തെ ഉദ്യോഗസ്ഥൻമാരും കൂടി ഗവൺമെന്റ് ഭൂമി നിശ്ചയിച്ചത് 27 ആദി

LIBRARY ARCHIVES Kerala Legislative Assembly

വാസികൾക്ക് കുടിലുണ്ടാക്കിക്കൊടുക്കുവാൻ വേണ്ടിയാണ്. സർക്കാർ ഭൂമി കുറച്ചുവിലയുള്ള ഭൂമിയാണ്. സ്വാധീനമുള്ളവർ ഭൂമി കൈമാറി ലക്ഷക്കണക്കിനു രൂപ തട്ടിയെടുക്കാൻ ശ്രമിക്കുന്നു. സർക്കാർ ഭൂമിതന്നെ അവർക്ക് കൊടുക്കത്തക്കവിധത്തിൽ ഈ തട്ടിപ്പും കൈമാറ്റവും ഇല്ലാതാക്കാനുള്ള നടപടി ത്വരിതപ്പെടുത്താനുള്ള ശ്രമം ഗവൺമെൻറ് ഭാഗത്തുനിന്നുണ്ടാകുമോ? .

ശ്രീ. പി.ജെ. ജോസഫ്: പ്രതിപക്ഷ നേതാവ് ഇക്കാര്യം ഇവിടെ ഉന്നയിച്ച അന്നുതന്നെ ഞാൻ ജില്ലാകളക്ടർക്ക് വേണ്ട നിർദ്ദേശം കൊടുത്തിരുന്നു. അതിൻെറ സ്ഥിതി എന്താണെന്ന് കൂടുതലായി ഞാൻ അന്വേഷിക്കാം.

ശ്രീ. എ.സി. ജോസ്: ലക്ഷം വീടുകളുടെ അറ്റകുറ്റപ്പണികളുടെ കാര്യം ഇവിടെ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചു. മിക്കവാറും ഇന്ന് എല്ലാ ലക്ഷംവീടുകളും വയറിംഗ് നടത്തിയിട്ടിരിക്കുകയാണ്. അവർക്കാർക്കും ഇലക്ട്രിസിറ്റി കണക്ഷൻ കിട്ടിയിട്ടില്ല. ഇത് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. വയറിംഗ് ചെയ്ത ലക്ഷം വീടു കോളനികളിൽ ഇലക്ട്രിസിറ്റി കൊടുക്കുന്നതിന് പ്രത്യേകമായി എന്തെങ്കിലും സംവിധാനം (സാമ്പത്തിക ബുദ്ധിമുട്ട് പറയാതെ എന്തെങ്കിലും സംവിധാനം) ഏർപ്പെടുത്തുന്നതിന് ഗവൺമെൻറിന് ദയവുണ്ടാകുമോ?

ശ്രീ. പി.ജെ. ജോസഫ്: ഇക്കാര്യം ബഹുമാനപ്പെട്ട ഇലക്ട്രിസിറ്റി വകുപ്പുമന്ത്രിയുമായി ആലോചിക്കുന്നതാണ്.

ശ്രീ. വി.കെ. രാജൻ: ദുർബ്ബലജനവിഭാഗമായ കയർത്തൊഴിലാളികൾക്ക് ലക്ഷംവീട് ഉണ്ടാക്കിക്കൊടുക്കുമെന്ന് അറിവായി. അതിന് വല്ല നടപടികളും സ്വീകരിച്ചിട്ടുണ്ടോ; അതിൻെറ നടപടിയെപ്പറ്റി വല്ലതും അറിയാമോ?

ശ്രീ. പി.ജെ. ജോസഫ്: കയർത്തൊഴിലാളികൾക്കുമാത്രമായി ഒരു ലക്ഷംവീട് ഉണ്ടാക്കിക്കൊടുക്കുമെന്നുള്ള കാര്യം എൻെറ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ദുർബ്ബലജനവിഭാഗങ്ങൾക്ക് മൊത്തത്തിൽ ഇങ്ങനെ ഒരു പദ്ധതിയുണ്ട്. 4,200 രൂപയിൽ താഴെ വരുമാനമുള്ള കയർത്തൊഴിലാളികളും ഇതിന് അർഹരായുള്ളവരാണ്. അവരെ തീർച്ചയായും ഇക്കാര്യത്തിൽ കൊണ്ടുവരാൻ കഴിയും.

ശ്രീ. ടി.എസ്. ജോൺ: നമ്മുടെ സംസ്ഥാനത്തെ ലക്ഷം വീടുകളുടെ സ്ഥിതി വളരെ പരിതാപകരമാണ്. വീടുണ്ടാക്കിക്കൊടുത്തപ്പോൾ ലാട്രിൻസ് ഉണ്ടാക്കിക്കൊടുത്തിട്ടില്ല. കഴിഞ്ഞ വെള്ളപ്പൊക്കാലത്ത് പല ലക്ഷം വീടുകളും നിലം പതിക്കുകയുണ്ടായി. ആ ഹതഭാഗ്യരെ സഹായിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കണം. ഇവിടെ ശ്രീമാൻ ജോസ് പറഞ്ഞതുപോലെ അവർക്ക് വെള്ളമില്ല, വെളിച്ചമില്ല. അവരെ സഹായിക്കുന്നതിന് എന്തെങ്കിലും ഒരു പദ്ധതി സംസ്ഥാനവ്യാപകമായി ആവിഷ്ക്കരിച്ച് ലാട്രിൻസ് മുതലായവ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.ജെ. ജോസഫ്: അക്കാര്യം ഞാൻ ഇവിടെ പറയുകയുണ്ടായി. കഴിഞ്ഞ വർഷം വെള്ളപ്പൊക്കക്കാലത്ത് കേടുവന്നു തകർന്നു വീണ വീടുകൾക്കെല്ലാം ഈ പദ്ധതിയിൽ സഹായം നൽകുന്നതാണ്. അതുപോലെ പൊതുവായ സൗകര്യങ്ങൾക്കുവേണ്ടി വെള്ളം, ഇലക്ട്രിസിറ്റി, കക്കൂസ് ഇക്കാര്യത്തിൽ ക്ലസ്റ്റർ ഹൗസിംഗിന് പ്രത്യേകമായ ഒരു സംവിധാനം ഏർപ്പെടുത്തണമെന്നാണ് ഉദ്ദേശിക്കുന്നത്. അവർക്ക് ഒരു പദ്ധതി തീർച്ചയായും ആവിഷ്ക്കരിക്കുന്നതാണ്.

ശ്രീ. എസ്. ആർ. തങ്കരാജ്: ദുർബലജനവിഭാഗങ്ങളുടെ വീടുകളിൽ അഗ്നിബാധമൂലം പല വീടുകളും നശിക്കുകയാണ്. അതിൽ പലതും ചെറിയ കുടിലുകളാണ്. അങ്ങനെയുള്ളവർക്ക് ഈ പറഞ്ഞ ആനുകൂല്യങ്ങളുടെ കൂട്ടത്തിൽ ഒന്നും പറഞ്ഞുകേട്ടില്ല. എന്റെ നിയോജകമണ്ഡലത്തിൽ അഗ്നിബാധമൂലം കെട്ടിടം നശിച്ചതായി താലൂക്കാഫീസുകളിലും പഞ്ചായത്തുകളിലുമൊക്കെ അറിയിച്ചിട്ട് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ദുർബ്ബലജനവിഭാഗങ്ങളുടെ വീടുകൾ തീ പിടിച്ചു നശിക്കുമ്പോൾ അവർക്കുകൂടി ഈ ആനുകൂല്യം ലഭ്യമാക്കുമോ?

ശ്രീ. പി.ജെ. ജോസഫ്: അങ്ങനെ തീപിടിച്ച് വീടുകൾ നശിച്ചാൽ അവർക്ക് നഷ്ടപരിഹാരം കൊടുക്കാനുള്ള വ്യവസ്ഥ ഇപ്പോൾത്തന്നെ ഉണ്ട്. അത് തീർച്ചയായും ലഭ്യമാക്കുന്നതാണ്.

ശ്രീ. വി. ദിനകരൻ: അദ്ധ്യാപകർ ദുർബലജനവിഭാഗത്തിൽപ്പെട്ടവരല്ലെന്ന് പറഞ്ഞു. സാമ്പത്തികമായി അവർ ദുർബ്ബലരാണ്. വിദ്യാലയങ്ങളിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ ഉണ്ട്. അവർ സാമ്പത്തികമായി ദുർബ്ബലരാണ്. ആ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ഇതിൽ ഗവൺമെന്റ് നൽകുന്ന സഹായം എന്താണെന്ന് വ്യക്തമാക്കാമോ?

(ഉത്തരം പറയാൻ അനുവദിച്ചില്ല)

ശ്രീ. കെ.ഇ. ഇസ്മയിൽ: നമ്മുടെ സംസ്ഥാനത്തിൽ പത്തു ലക്ഷത്തിലേറെ ആളുകൾ ഭവനരഹിതരായി ഇപ്പോഴും കഴിയുന്നുണ്ട് എന്ന് മന്ത്രി ഇവിടെ പറഞ്ഞു. ഇപ്പോൾ നടപ്പിലാക്കുന്ന പദ്ധതികൾ പ്രകാരം ഇവരുടെ ഭവനനിർമ്മാണ പദ്ധതി പൂർത്തിയാകണമെങ്കിൽ ഇനിയും നൂറാണ്ടുകൾ നാം കാത്തിരിക്കേണ്ടിവരും. അതുകൊണ്ട് ലക്ഷംവീട് പദ്ധതി പ്ലാൻ ചെയ്തു നടപ്പിലാക്കിയതുപോലെ 10 വർഷംകൊണ്ട് നമ്മുടെ സംസ്ഥാനത്തെ ഭവനരഹിതരുടെ പ്രശ്നം പരിഹരിക്കാൻ കഴിയുന്ന ഒരു പദ്ധതി ഇപ്പോൾ വിവിധ തലങ്ങളിൽ നടക്കുന്നവ ഏകീകരിച്ചുകൊണ്ട് നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതോടൊപ്പംതന്നെ (ലക്ഷം വീടു പദ്ധതി പ്രകാരമുള്ള വീടുകൾ ഇപ്പോൾ പല ചോദ്യകർത്താക്കളും ഇവിടെ പറഞ്ഞതുപോലെ തകർന്നു കഴിഞ്ഞിരിക്കുന്നു.) അതിനെ സംരക്ഷിക്കാനുംകൂടി സംയുക്തമായ ഒരു സംവിധാനം ഏർപ്പെടുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി.ജെ. ജോസഫ്: വീടില്ലാത്തവർ എന്നല്ല ഞാൻ പറഞ്ഞത്. അധിവാസയോഗ്യമല്ലാത്ത വീടുകൾ—ചെറ്റക്കുടിലിൽ താമസിക്കുന്നവർ, വെള്ളം കയറി നഷ്ടമുണ്ടാകുന്ന സ്ഥലങ്ങളിൽ താമസിക്കുന്നവർ അങ്ങനെയുള്ള 10 ലക്ഷത്തോളം ആളുകളുണ്ട് എന്നാണ്. ഇത് തീരണമെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

ഒരുവർഷം രണ്ടുലക്ഷം വീടുവച്ചുതീർക്കണം. പുതുതായി ഒരു ലക്ഷം കുടുംബങ്ങൾ വീതം വർഷംതോറും ഉടലെടുക്കുന്നു. അങ്ങനെ 10 വർഷം കൊണ്ട് തീർക്കണം. ഇതിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. ഒരു വർഷം 15,000 വീട് തീർന്നിടത്ത് കഴിഞ്ഞവർഷം അത് 40,000 ആയി ഉയർത്തി. ഈ വർഷം ഒരു ലക്ഷം വീട് തീർക്കാൻ ആണ് പദ്ധതിയിട്ടിരിക്കുന്നത്. കഴിഞ്ഞ വർഷം ഇൻഡ്യയിൽ ഇരുപതിന പരിപാടിയിൽ ദുർബലജനവിഭാഗങ്ങളുടെ പാർപ്പിടനിർമ്മാണത്തിൽ കേരളം ഒന്നാം സ്ഥാനത്തെത്തിയിട്ടുണ്ട് എന്ന് കേന്ദ്രഗവൺമെന്റ് അറിയിച്ചു. കേരളത്തിന്റെ അച്ചീവ്മെന്റ് 188 ശതമാനമാണ് കഴിഞ്ഞ വർഷം. ഈ വർഷം അതിലും വളരെക്കൂടുതൽ മുന്നോട്ട് പോകാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്. ഒരു വർഷം പരമാവധി തീരുന്നത് 13,000 വീടുകളാണ്. അതുപോലെതന്നെ ഭൂമി എടുത്ത് വീട് വച്ചുകൊടുക്കുന്ന ഒരു പദ്ധതിയും വ്യാപകമാക്കുകയാണ്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: എൻ. ആർ. ഇ. പി., ആർ.എൽ.ഇ.ജി.പി., പല സന്നദ്ധ സംഘടനകളും മുഖേന നടത്തുന്നവ ഇവയ്ക്കെല്ലാം പുറമേ കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടുകൂടി ഗ്രാമപ്രദേശങ്ങളിൽ, ചേരിയിൽ താമസിക്കുന്ന ഏറ്റവും പാവപ്പെട്ട ആളുകൾക്കുവേണ്ടിയുള്ള ഒരു പുതിയ ഭവനനിർമ്മാണപദ്ധതി നടത്തുന്നു എന്നു പറയുന്നത് ശരിയാണോ; ഈ പദ്ധതി ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ?

ശ്രീ. പി.ജെ. ജോസഫ്: അത് പ്രത്യേക പദ്ധതിയല്ല, ചേരിയിൽ താമസിക്കുന്ന ആളുകൾ, വഴിയരികിൽ താമസിക്കുന്ന ആളുകൾ എന്നിവർക്കുവേണ്ടി സ്ഥലമെടുത്തുകൊടുത്ത് അവിടെ വീടുവച്ചുകൊടുക്കാനുള്ള പദ്ധതിയാണ് ഇപ്പോൾ നടപ്പാക്കുന്നത്. അത് കുറേക്കൂടി വ്യാപകമാക്കാൻ ആണ് ഉദ്ദേശിക്കുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സന്നദ്ധ സംഘടനകൾ മുഖേന ദുർബലവിഭാഗങ്ങൾക്ക് വീടുണ്ടാക്കുന്നതിനുള്ള പദ്ധതി ത്വരിതപ്പെടുത്തുന്നതിനുവേണ്ടി കണ്ണൂർ ജില്ലയിലെ എം.എൽ.എ. മാരുടെയും സന്നദ്ധസംഘങ്ങളുടെയും യോഗം മന്ത്രിതന്നെ വിളിച്ചുകൂട്ടി അതിന്റെ പ്രവർത്തനം ത്വരിതപ്പെടുത്താനുള്ള ആഹ്വാനം കേട്ടുകൊണ്ട് തലശ്ശേരി ബ്ലോക്ക് മഹിളാ സമാജം 150 വീടുകൾക്കുള്ള പണം അടച്ചുവെങ്കിലും ഇതുവരെ അതിന്റെ നടപടികൾ പൂർത്തിയാകാത്തതിന്റെ ഫലമായി ആ മഹിളാസമാജക്കാർക്ക് ഇപ്പോൾ പുറത്തിറങ്ങിനടക്കാൻ കഴിയാത്ത ഒരവസ്ഥ ഉണ്ടായിരിക്കുകയാണ്. അതുകൊണ്ട് ആ കാര്യം പ്രത്യേകം പരിശോധിച്ച് ആ 150 വീടുകൾക്ക് അംഗീകാരം കൊടുക്കാൻ ശ്രദ്ധിക്കുമോ?

ശ്രീ. പി.ജെ. ജോസഫ്: ഈ കാര്യത്തിൽ, ഇന്നുള്ള നടപടിക്രമത്തിൽ രണ്ടുദിവസം മുമ്പ് ഇറക്കിയിട്ടുള്ള ഗവൺമെന്റ് ഉത്തരവിൽ ഒരു മാറ്റം വരുത്തിയിട്ടുണ്ട്. ഇതുവരെയുള്ള നടപടി ജില്ലകളിൽനിന്ന് ഈ അപേക്ഷകൾ ഹൗസിംഗ് ബോർഡിൽ എത്തി അവിടെനിന്ന് ഇത് അനുവദിക്കുക എന്നുള്ളതായിരുന്നു. എന്തെങ്കിലും സാങ്കേതിക തടസ്സങ്ങളുണ്ടെങ്കിൽ തിരിച്ച് അങ്ങോട്ട് എഴുതും. ഇങ്ങനെ കുറച്ച് കാലതാമസം വന്നിരുന്നു. അത് മാറി കളക്ടറേറ്റുകളിൽ

LIBRARY ARCHIVES Kerala Legislative Assembly

ജില്ലകളിൽതന്നെ ഇത് പ്രോസസ് ചെയ്യാനും അതിന്റെ അവസാന തീരുമാനം എടുക്കുവാനും ഹൗസിംഗ് ബോർഡിലെ ഉദ്യോഗസ്ഥൻമാർ ജില്ലാ കളക്ടറുമായി സഹകരിച്ച് ഇത് ചെയ്യാനും വേണ്ടിയുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. അതുകൊണ്ട് ഇന്നുവരെ ഉണ്ടായിട്ടുള്ള കാലതാമസം ഇതിന് ഒഴിവാകും. ഈ 150 വീടുകളുടെ കേസ് ഞാൻ മനസ്സിലാക്കുന്നു. രണ്ടാംഘട്ടത്തിൽ ഇപ്പോഴുള്ള 25,000 വീടുകളുടെ കൂട്ടത്തിലായിരിക്കും അത് എടുക്കുന്നത്. ഏറ്റവും വേഗം അതിന്റെ പണം കൊടുക്കാനുള്ള നടപടി സ്വീകരിക്കും.

ഡോ. കെ.സി. ജോസഫ്: ദുർബലജനവിഭാഗങ്ങളിൽപെട്ട പല ആളുകളും അവർക്കുള്ള നാമമാത്രമായ ഭൂമി ഐ.ആർ.ഡി.പി. പോലുള്ള ലോണുകൾ എടുക്കുന്നതിന് ബാങ്കിൽ പണയം വച്ചിരിക്കുകയാണ്. അതുപോലെ കുടികിടപ്പ് ഭവനനിർമ്മാണ പദ്ധതിയോ മറേതെങ്കിലും ഭവനനിർമ്മാണ പദ്ധതിയോ അനുസരിച്ച് വീടുകൾ നിർമ്മിക്കുവാൻ വേണ്ടി ലോൺ എടുത്തിട്ടുണ്ടാകും. ഇന്ന് കുടികിടപ്പ് കിട്ടിയ 10 സെൻറ് ഭൂമിയിൽ ഇപ്പോൾ മൂന്നും നാലും അഞ്ചും കുടുംബങ്ങൾ താമസിക്കുന്ന സ്ഥലങ്ങൾവരെയുണ്ട്. ആദ്യത്തെ പട്ടയം ഈടു വച്ചിരിക്കുകയാണ്. അതുകൊണ്ട് ഐ.ആർ.ഡി.പി. മുഖേന പുതിയ വീടുകൾക്ക് വേണ്ടിയുള്ള ധനസഹായം ഏറെടുക്കുവാൻ നിവൃത്തിയില്ലാതെ വന്നിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ഇത്തരം ആളുകൾക്ക് ഇത് സെക്കൻറ് അറ്റാച്ച്മെൻറായി കണ്ടുകൊണ്ട് ധനസഹായം കൊടുക്കാൻ വേണ്ട ഏർപ്പാടുണ്ടാക്കുമോ?

ശ്രീ. പി.ജെ. ജോസഫ്: ഇത് ഈയിടെ ഉയർന്നുവന്നിട്ടുള്ള ഒരു ആക്ഷേപമാണ്. 10 സെൻറിൽ ഒന്നോ രണ്ടോ മൂന്നോ നാലോ വീടുകൾ തീർക്കേണ്ട സ്ഥിതിയാണ് ഇപ്പോൾ ഉള്ളത്. ഒന്നര സെൻറ് സ്ഥലം സ്വന്തമായിട്ടുണ്ടെങ്കിൽ ഇപ്പോൾ വായ്പയ്ക്ക് അവർ അർഹരാണ്. അതുകൊണ്ട് ഈ നിലയിൽ, ഇന്ന് ആ മുഴുവൻ സ്ഥലവും ഈടുവച്ചിട്ടുണ്ടെങ്കിൽ ഇന്ന് വീട് ഇരിക്കുന്ന സ്ഥലം മാത്രം ഇങ്ങനെ മാറ്റിക്കൊണ്ട് നടപടികൾ സ്വീകരിക്കാവുന്നതാണ്.

## വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ജില്ലകൾ

* 123 [165] ശ്രീ. നാലകത്ത് സൂപ്പി:
,, പി. സീതി ഹാജി:
,, സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാവസായികമായി പിന്നോക്കം നിൽക്കുന്നത് ഏതെല്ലാം ജില്ലകളാണ്;

(ബി) ഏതെല്ലാം ജില്ലകളെ വ്യാവസായിക പിന്നോക്ക ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്;

(സി) ഈ ജില്ലകളുടെ വ്യാവസായിക വികസനത്തിന് എന്തെല്ലാം നടപടികളാണ് ഇതിനകം കൈക്കൊണ്ടിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly